ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**നം.എസിഡി.എസ്.പി.സി(1)/62830/15/എച്ച്.എസ്.ഇ** **തിയതി :** 23.12.2015

# <u>സർക്കുലർ</u>

വിഷയം:- ഹ.സെ.വി ബി.പി.എൽ സ്കോളർഷിപ്പ് 2015-16 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

മെരിറ്റ് കം മീൻസ് (ബി.പി.എൽ) സ്കോളർഷിപ്പ് ഈ അധ്യായന വർഷം മുതൽ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ നേരിട്ട് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. കഴിഞ്ഞ വർഷം അനുവദിക്കപ്പെട്ട അത്രയും തന്നെ സ്കോളർഷിപ്പുകൾ ഈ വർഷവും അതാത് സ്കൂളുകൾക്ക് അനുവദിക്കുന്നതാണ്. കഴിഞ്ഞ വർഷം ലഭ്യമായ എണ്ണത്തിനനുസരിച്ച് ഈ വർഷത്തേയും ഗുണഭോക്താക്കളെ കണ്ടെത്തി ആയവരുടെ ആധാർ ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ (അക്കൗണ്ട് നമ്പർ, ആധാർ നമ്പർ, ബ്രാഞ്ചിന്റെ പേര്, IFSC Code) ഉടൻ തന്നെ ശേഖരിച്ച് വയ്ക്കുക. ഈ വർഷം 12-ാം ക്ലാസിൽ ടി സ്കോളർഷിപ്പിന് റിന്യൂവലിനുള്ളവർക്കും ആധാർ ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്. ആയതും ഇതോടൊപ്പം തന്നെ ശേഖരിക്കേണ്ടതാകുന്നു. 2016 ജനുവരി ആദ്യവാരം അനുവദിക്കുന്ന ഓൺലൈൻ ലിങ്കിലൂടെ അതാത് സ്കൂളുകളിൽ നിന്നും ടി വിവരങ്ങൾ അപ്‌ലോഡ് ചെയ്യാവുന്ന തരത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കുന്നത്. ഗുണഭോക്താക്കൾക്ക് സ്വന്തം പേരിൽ SBT Account ഉണ്ടെങ്കിൽ ആയവ തന്നെ നൽകുന്നതായിരിക്കും അഭികാമ്യം. കൂടാതെ ഈ ആവശ്യത്തിലേയ്ക്കായി പുതിയതായി അക്കൗണ്ട് എടുക്കേണ്ടവരും ആധാർ ബന്ധപ്പെടുത്തിയ SBT ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കുക.

**ഒപ്പ്**
**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**